**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 792** — **10-06-2021 - ൽ മറുപടിയ്ക്ക്**

**ഭാരത് മാലാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദീൻ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്രസർക്കാരിന്റെ ഭാരത് മാലാ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട്-പാലക്കാട് നാലുവരി ഗ്രീൻഫീൽഡ് പാതയുടെ അലൈൻമെന്റ് തയ്യാറാക്കിയത് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അലൈൻമെന്റിൽ പാത കടന്നുപോകുന്ന പ്രദേശങ്ങളുടെ വിശദവിവരം നൽകുമോ; | (എ) | കോഴിക്കോട്-പാലക്കാട് നാലുവരി ഗ്രീൻഫീൽഡ് പാതയുടെ അലൈൻമെന്റിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ച് വരുന്നു. പാത കടന്നുപോകുന്ന പ്രദേശങ്ങളുടെ വിശദവിവരം ദേശീയപാത അതോറിറ്റി 3(എ) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാകൂ |
| (ബി) | പ്രസ്തുത പാത മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ കൂടി എത്ര കിലോമീറ്ററാണ് കടന്നുപോകുന്നതെന്നും പാത ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്നും ഇതിനായി എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നതിന്റെയും വിശദാംശം ലഭ്യമാക്കുമോ? | (ബി) | കോഴിക്കോട്-പാലക്കാട് നാലുവരി ഗ്രീൻഫീൽഡ് പാത മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ മണ്ണാർക്കാട് -I, മണ്ണാർക്കാട് -II, കുമാരംപുത്തൂർ, പയ്യനാടം, കൊട്ടോപാടം-I, കൊട്ടോപാടം-II, കൊട്ടോപാടം-III, അലനല്ലൂർ-I, അലനല്ലൂർ-II, അലനല്ലൂർ-III എന്നീ വില്ലേജുകളിലൂടെ ഏകദേശം 23.24 കിലോമീറ്റർ ദൂരം കടന്നു പോകുന്നു. ഓരോ വില്ലേജിലും എത്ര സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നതിന്റെ വിശദാംശം വിശദമായ പദ്ധതിരേഖ (ഡി.പി.ആർ) തയ്യാറാക്കി 3(എ) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാകൂ |

സെക്ഷൻ ഓഫീസർ